ഇസ്‌ലാമിലെ എന്റെ ആദ്യ ദിനം - പരമ്പര 3

# ഇസ്‌ലാമിലെ എന്റെ ആദ്യദിനം

പുതു മുസ്‌ലിം അനിവാര്യമായും
അറിഞ്ഞിരിക്കേണ്ട മൂന്ന് അടിസ്ഥാന
തത്വങ്ങളെ കുറിച്ചുള്ള ലഘു വിവരണം

# ഇസ്‌ലാമിലെ
# എന്റെ ആദ്യദിനം

**പുതു മുസ്‌ലിം അനിവാര്യമായും**
**അറിഞ്ഞിരിക്കേണ്ട മൂന്ന് അടിസ്ഥാന**
**തത്വങ്ങളെ കുറിച്ചുള്ള ലഘു വിവരണം**

مركز أصول
OsoulCenter

ح جمعية الدعوة والإرشاد وتوعية الجاليات بالربوة ، ١٤٤٦ هـ

أصول ، مركز

يومـي الأول فـي الإسـلام: شـرح مبسـط للأصـول الثلاثـة التـي يجـب علـى المسـلم الجديـد معرفتهـا باللغـة المليباريـة. / مركـز أصـول - ط ١..- الريـاض ، ١٤٤٦ هـ

٥٠ ص ؛ ١٤.٨ x ٢١ سم

رقم الإيداع: ١٤٤٦/١٩٢٦٥

ردمك: ٩٧٨-٦٠٣-٨٥٤٥-٠٤-١

مركز أصول
Osoul Center
www.osoulcenter.com

■ ഉസൂൽ സെന്റർ ആണ് ഈ പ്രസിദ്ധീകരണത്തിന്റെ രൂപകൽപന നിർവഹിച്ച് ഇത് തയ്യാറാക്കിയത്

■ ഉറവിടം സൂചിപ്പിച്ച് കൊണ്ടും ഉള്ളടക്കം മാറ്റാതെയും ഈ പ്രസിദ്ധീകരണം അച്ചടിക്കാനും ഏത് വിധേനെയും പ്രചരിപ്പിക്കാനും ഉസൂൽ സെന്റർ അനുവാദം നൽകുന്നു.

■ അച്ചടിക്കുമ്പോൾ ഉസൂൽ സെന്റർ അംഗീകരിച്ച ഗുണനിലവാര മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്

بسم الله الرحمن الرحيم



ഒന്നാമത്തെ അടിസ്ഥാന തത്വം
നിന്റെ റബ്ബ് ആരാണ് ? 13

രണ്ടാമത്തെ അടിസ്ഥാന തത്വം
നിന്റെ മതം ഏതാണ്? 21

മൂന്നാമത്തെ അടിസ്ഥാന തത്വം
നിന്റെ പ്രവാചകൻ ആരാണ് ? 37

# തുടക്കം



# ഇസ്‌ലാം

## അതാണ് സത്യ മതം

ഇസ്‌ലാം മതം, അതാണ് അല്ലാഹു സർവ ജനങ്ങൾക്കുമായി തൃപ്തിപ്പെട്ട് നൽകിയ സത്യമതം. അതല്ലാത്ത ഒന്നും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടില്ല. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു." (സൂ. ആലു ഇമ്രാൻ 19). വീണ്ടും അല്ലാഹു പറയുന്നു: "ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (സൂ. ആലു ഇമ്രാൻ 85).

ഒരാൾ ഇസ്‌ലാം സ്വീകരിച്ച് അതിനെ മുറുകെ പിടിച്ചാൽ അപ്പോൾ അവൻ മനുഷ്യനെ സൃഷ്ടിച്ച് അവന് ഈ ജീവിതം നൽകിയ അല്ലാഹുവിലേക്ക് അവനെ എത്തിക്കുന്ന വ്യക്തവും നേരായതുമായ സന്മാർഗത്തിന്റേയും പ്രകാശത്തിന്റേയും മാർഗത്തിൽ പ്രവേശിച്ചു.

ഒരു മനുഷ്യന് ഇഹലോകത്ത് നല്ല ജീവിത സാഹചര്യവും സമാധാനവും സന്തോഷവും ഒരുക്കുകയും അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കാനും അതിലെ അനശ്വരമായ സുഖാസ്വാദനങ്ങൾ അനുഭവിപ്പിക്കാനും കാരണമാകുന്നതെന്ന നിലക്ക് നാളെ അവന്റെ മരണ ശേഷം പരലോകത്തും അവന് സന്തോഷവും വിജയവും നൽകുന്ന കാര്യമായിയിട്ടാണ് ഇസ്‌ലാം മതം അവതരിച്ചിട്ടുള്ളത്.

ഇഹപര നന്മകൾ നേടണമെങ്കിൽ സത്യമതമായ ഇസ്‌ലാമിനെ കുറിച്ച് അന്വേഷിക്കലും അതിനെ മനസ്സിലാക്കലും വിശ്വാസത്തോടു കൂടി അതിലേക്ക് പ്രവേശിക്കലും അതിലെ പാഠങ്ങളും വിധിവിലക്കുകളും മുറുകെ പിടിക്കലും ഒരു മനുഷ്യന് അനിവാര്യമാണ്.

# എങ്ങനെ ഒരാൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കും?

ഒരാൾ സത്യസന്ധമായും ദൃഢ വിശ്വാസത്തോടും ശഹാദത്ത് സൂചിപ്പിക്കുന്നതിനെ കുറിച്ചുള്ള അറിവോടും കൂടി ശഹാദത്ത് കലിമ (**أَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ وَ أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ** അർത്ഥം: അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.) പറയുന്നതോടു കൂടിയാണ് അയാൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നത്. ആരെങ്കിലും അതിന്റെ ആശയം അറിഞ്ഞുകൊണ്ടും സത്യസന്ധമായും അത് സൂചിപ്പിക്കുന്നതിനെ കുറിച്ച് അനുസരണയോടും ദൃഢ വിശ്വാസത്തോടും കൂടി ശഹാദത്ത് കലിമ പ്രഖ്യാപിച്ചാൽ അപ്പോൾ അവൻ ഇസ്‌ലാമിൽ പ്രവേശിച്ചു. ഇസ്‌ലാമിന്റെ ബാക്കി പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കുകയും അത് കഴിവിന്റെ പരമാവധി പ്രവർത്തന പഥത്തിൽ കൊണ്ടുവരികയുമാണ് പിന്നീട് അവൻ ചെയ്യേണ്ടത്. പ്രവർത്തനങ്ങൾ അധികരിക്കുമ്പോഴെല്ലാം അവന്റെ വിശ്വാസം വർധിക്കുകയും അല്ലാഹുവിങ്കൽ മഹത്തായ പ്രതിഫലം അവന് ലഭിക്കുകയും ചെയ്യുന്നു.



# ഇരു സാക്ഷ്യ വാക്യങ്ങളുടെ ആശയം
## (أَشْهَدُ أَنْ لا إِلهَ إِلَّا الله وَ أَشْهَدُ أَنَّ مُحَمَّدًا رَسُول الله)

താങ്കൾ (**أَشْهَدُ أَنْ لا إِلهَ إِلَّا الله وَ أَشْهَدُ أَنَّ مُحَمَّدًا رَسُول الله**) എന്ന് അതിൽ വിശ്വസിച്ച് കൊണ്ടും സത്യസന്ധമായും പറഞ്ഞതിലൂടെ താങ്കൾ ഇസ്‌ലാമിൽ പ്രവേശിച്ചു. എന്നാൽ അതിന്റെ യഥാർത്ഥ ആശയം താങ്കൾക്ക് അറിയുമോ?

- **أَشْهَدُ أَنْ لا إِلهَ إِلَّا الله** എന്ന സാക്ഷ്യ വാക്യത്തിന്റെ ആശയം: ഈ പ്രപഞ്ചം സൃഷ്ടിക്കുകയും കാര്യങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന അല്ലാഹു എന്ന ഏക ആരാധ്യനല്ലാതെ ആരാധനക്കും അനുസരണക്കും അർഹതയുള്ള വേറൊരാരാധ്യനുമില്ലെന്ന് വിശ്വസിക്കലും അംഗീകരിക്കലുമാണത്.



■ أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ എന്ന സാക്ഷ്യ വാക്യത്തിന്റെ ആശയം: മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദാസനും ജനങ്ങളിലേക്കാകമാനമായി നിയോഗിക്കപ്പെട്ട അവന്റെ അന്ത്യ പ്രവാചകനും ആണെന്ന് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതോടൊപ്പം അവിടുത്തെ കൽപനകൾ അനുസരിച്ചും അറിയിച്ച് തന്ന കാര്യങ്ങൾ സത്യപ്പെടുത്തിയും അവിടുന്ന് വിരോധിച്ച കാര്യങ്ങളിൽ നിന്ന് അകന്നും നിയമമാക്കി പഠിപ്പിച്ച് തന്ന രൂപത്തിൽ മാത്രം അല്ലാഹുവിനെ ആരാധിച്ചും അത് പ്രവർത്തന പഥത്തിൽ കൊണ്ടുവരലുമാണ് ഇത് കൊണ്ട് അർത്ഥമാക്കുന്നത്.

## സന്തോഷിക്കുക, താങ്കൾ മുസ്‌ലിമായിരിക്കുന്നു:

താങ്കളുടെ ജീവിതത്തിലെ ഏറ്റവും നല്ല ദിനം താങ്കൾ ഇസ്‌ലാം സ്വീകരിച്ച ദിവസമാണെന്ന് നിസംശയം പറയാം. മുഹമ്മദ് നബി(സ) പറഞ്ഞതായി കാണാം: "ഇസ്‌ലാം അതിന് മുമ്പുള്ളതിനെ (തിന്മകളെ) മായ്ച്ച് കളയുന്നു." (മുസ്‌ലിം). അതായത് താങ്കൾ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് താങ്കളിൽ വന്നു പോയ സത്യ നിഷേധം, തിന്മകൾ, പാപങ്ങൾ, തെറ്റുകൾ തുടങ്ങി താങ്കളുടെ എല്ലാ വീഴ്ചകളും ഇസ്‌ലാം താങ്കളിൽ നിന്ന് മായ്ച്ച് കളയുകയും അല്ലാഹുവിൽ നിന്നുള്ള പാപമോചനം കൊണ്ട് താങ്കളെ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുന്നു. ഇന്നിതാ താങ്കൾ പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ട് കറകളഞ്ഞ ജീവിതത്തിന്റെ പുതിയൊരു ഏടിന് തുടക്കം കുറിച്ചിരിക്കുന്നു. അതിലൂടെ നവ ജാത ശിശുവിനെ പോൽ തെളിമയാർന്ന ജീവിതത്തിലേക്ക് താങ്കൾ മടങ്ങുകയും നന്മകളാൽ സമൃദ്ധമായ പുതിയൊരു ജീവിതം ആരംഭിക്കുകയും സന്തോഷത്തിന്റെയും സംതൃപ്തിയുടെയും പ്രകാശപൂരിതമായ പാതയിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു.

## ഇസ്‌ലാം എന്ന മഹാനുഗ്രഹത്തിന്റെ സന്തോഷം

ഇസ്‌ലാം സ്വീകരിച്ച സമയത്ത് താങ്കൾക്ക് അനുഭവപ്പെട്ട മഹത്തായ സന്തോഷം ജീവിത കാലത്തുടനീളം താങ്കളുടെ കൂടെ തന്നെയുണ്ടായിരിക്കണം. അല്ലാഹു തന്റെ ദാസന്മാരുടെ മേൽ വർഷിക്കുന്ന ഏറ്റവും വലിയ അനുഗ്രഹവും അവന്റെ മഹത്തായ ഔദാര്യവുമാണ് സന്മാർഗ ദർശനം. വായുവിനേക്കാളും വെള്ളത്തെക്കാളും ഭക്ഷണ പാനീയങ്ങളെക്കാളും സമ്പത്തിനേക്കാളും സ്ഥാന മാനങ്ങളെക്കാളും മഹത്തായ അനുഗ്രഹമാണത്. അതാണ് മറ്റെന്തിനേക്കാളും വലിയ അനുഗ്രമെന്നത് ഉറപ്പാണ്. പിന്നെങ്ങനെ അതിൽ നാം സന്തോഷിക്കാതിരിക്കും?! അല്ലാഹു പറയുന്നു: "പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൂട്ടികൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്." (സൂറത്ത് യൂനുസ് : 58).

ലക്ഷക്കണക്കിന് മനുഷ്യരുടെ ഇടയിൽ നിന്ന് ഇസ്‌ലാം സ്വീകരിക്കാനായി താങ്കളെ തിരഞ്ഞെടുത്തത് താങ്കളോടുള്ള അല്ലാഹുവിന്റെ മഹത്തായ ഔദാര്യമാണെന്ന് താങ്കൾ മനസ്സിലാക്കണം. അല്ലാഹു പറയുന്നു: "ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്." (സൂറത്ത് അൽ അൻആം 125). ഈ മഹാ അനുഗ്രഹത്തിന് ധാരാളമായി നന്ദി ചെയ്യേണ്ടതുണ്ട്. അതിനാൽ താങ്കളെ ഈ നേരായ മതത്തിലേക്ക് വഴി നടത്തിയതിന് അല്ലാഹുവിനെ ധാരാളമായി സ്തുതിക്കുകയും പുകഴ്ത്തുകയും അവന് നന്ദി കാണിക്കുകയും ചെയ്യുക.

## അനിവാര്യമായും അറിഞ്ഞിരിക്കേണ്ട അടിസ്ഥാന തത്വങ്ങൾ:

ഇസ്‌ലാമിലേക്ക് പ്രവേശിച്ച് കഴിഞ്ഞാൽ താങ്കൾ നിർബന്ധമായും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. അതിൽ പെട്ടതാണ് മരണ ശേഷം എല്ലാ മനുഷ്യരും ചോദ്യം ചെയ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ എന്ന് അവരുടെ അനശ്വര ജീവിതം നിശ്ചയിക്കപ്പെടുകയും ചെയ്യുന്ന മൂന്ന് പ്രധാന ചോദ്യങ്ങൾ, അവയാണ് ;

**നിന്റെ റബ്ബ് (രക്ഷിതാവ്) ആരാണ്?**

**നിന്റെ മതം ഏതാണ്?**

**നിന്റെ പ്രവാചകൻ ആരാണ്?**



## ഒന്നാമത്തെ അടിസ്ഥാന തത്വം

# നിന്റെ റബ്ബ് ആരാണ് ?

## എന്റെ റബ്ബ് (രക്ഷിതാവ്) അല്ലാഹുവാണ്:

ഈ പ്രപഞ്ചത്തെയും അതിലുള്ളവയേയും മനുഷ്യരേയുമൊക്കെ സൃഷ്ടിച്ച അല്ലാഹുവാണ് തങ്ങളുടെ റബ്ബ് (രക്ഷിതാവ്) എന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്.

ഈ പ്രപഞ്ചത്തെ കുറിച്ചും അതിൽ ഉൾകൊള്ളുന്ന കോടാനുകോടി നക്ഷത്ര മണ്ഡലങ്ങളുള്ള വലിയ ക്ഷീരപഥങ്ങളെ കുറിച്ചുമൊക്കെ നാം ചിന്തിച്ചാൽ, അത് പോലെ നാം ജീവിക്കുന്ന ഭൂമിയെ കുറിച്ചും അതിലുള്ള പർവ്വതങ്ങൾ, സമതലങ്ങൾ, നദികൾ, സമുദ്രങ്ങൾ, വരണ്ട പ്രദേശങ്ങൾ എന്നിവയെ കുറിച്ചും ആഴക്കടലിലും മരുഭൂമികളിലും വനങ്ങളിലുമുള്ള സൃഷ്ടി വിസ്മയങ്ങളെ കുറിച്ചുമെല്ലാം നാം ആലോചിച്ചാൽ, വീണ്ടും മനുഷ്യന്റെയും മറ്റു ജീവജാല ങ്ങളുടെയും അത്ഭുതകരമായ സൃഷ്ടിപ്പിനെ കുറിച്ചും നാം ചിന്തിച്ചാൽ നമ്മുടെ ഈ ചിന്തകൾ നമ്മെ കൊണ്ടെത്തിക്കുക ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് കാര്യങ്ങൾ സംവിധാനിക്കുന്ന മഹാജ്ഞാനിയും അതിശക്തനും യുക്തിമാനും അതിമഹത്വമുള്ളവനുമായ ഒരു സൃഷ്ടാവ് ഉണ്ടെന്നും സൃഷ്ടിക്കുകയും കാര്യങ്ങൾ സംവിധാനിക്കുകയും ഏറ്റവും പൂർണവും അന്യൂനവുമായ നിലക്ക് അവയുടെ സൃഷ്ടിപ്പ് പൂർണമാക്കുകയും ചെയ്ത ഒരു സ്രഷ്ടാവ് അവക്ക് പിന്നിലില്ലാതെ ഇതൊന്നും ഉണ്ടാവുകയുമില്ലെന്നുമുള്ള അനിവാര്യമായ ഉത്തരത്തിലേക്കാണ്. ഈ കാര്യം ഏതൊരു ബുദ്ധിമാനും വ്യക്തമായി മനസ്സിലാകുന്ന രൂപത്തിൽ അല്ലാഹു വിശദമാക്കിയിട്ടുണ്ട്, അല്ലാഹു പറയുന്നു: "അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?" (സൂ. ത്വൂർ : 35). ഈ സൃഷ്ടികളൊന്നും അതിന്റെ പിന്നിൽ ഒരു സ്രഷ്ടാവ് ഇല്ലാതെ സ്വയം ഉണ്ടായതല്ല, ബുദ്ധിയുള്ളവർക്ക് അങ്ങനെ ചിന്തിക്കാൻ കൂടി സാധിക്കില്ല !

## അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ:

ഈ പ്രപഞ്ചത്തിലുള്ളവ മുഴുവൻ സൃഷ്ടിക്കുകയും അവയെ നിയന്ത്രിക്കുകയും അവക്കാവശ്യമായ ഉപജീവനം നൽകുകയും മനുഷ്യരെ ഈ ഭൂമുഖത്ത് ഉണ്ടാക്കി അവരുടെ ജീവിത ലക്ഷ്യങ്ങൾ അവർക്ക് നൽകുകയും ചെയ്തവനായ രക്ഷിതാവ് (റബ്ബ്) ആരാണോ അവൻ മാത്രമാണ് ആരാധനക്ക് അർഹനായ ദൈവം. അല്ലാഹു പറയുന്നു: "അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണ് അവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകലകാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു." (സൂറത്ത് അൽ അൻആം 102).

അതിനാൽ ഓരോ മനുഷ്യനും അല്ലാഹുവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്ക് ചേർക്കാതെ അവനെ മാത്രം ആരാധിക്കൽ അനിവാര്യമാണ്. അല്ലാഹു പറയുന്നു: "ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്." (സൂ.അൽ ബഖറ 21). വീണ്ടും അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക." (സൂ. നിസാഅ് 36).



## ഏകദൈവാരാധനയിലേക്കുള്ള പ്രവാചകന്മാരുടെ ക്ഷണനം:

അല്ലാഹുവിന്റെ നമ്മോടുള്ള ഔദാര്യവും കാരുണ്യവും കൊണ്ട് അവൻ നമ്മെ സൃഷ്ടിച്ച് വൃഥാ അലയാൻ ഉപേക്ഷിക്കുകയല്ല മറിച്ച് അവനെ കുറിച്ച് നമുക്ക് മനസ്സിലാക്കി തരാനും അറിയിച്ച് തരാനുമായി അവൻ പ്രവാചകന്മാരെ നിയോഗിക്കുകയും അവരോടൊപ്പം വേദ ഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു: "തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല." (സൂറത്ത് ഫാത്വിർ 24).

മനുഷ്യ പിതാവ് ആദം (അ) മുതൽ നൂഹ്(അ), ഇബ്റാഹീം(അ), മൂസാ(അ), ഈസാ(അ) തുടങ്ങി അന്ത്യ പ്രവാചകൻ മുഹമ്മദ് നബി(സ) വരെയുള്ള മുഴുവൻ പ്രവാചകന്മാരും അല്ലാഹുവിലുള്ള വിശ്വാസം, അവന്റെ ഏകത്വം, ആരാധനയിൽ അവനെ ഏകനാക്കുക, അവന് പുറമെ മനുഷ്യൻ, കല്ല്, മരം, നക്ഷത്രം, ഗോളങ്ങൾ തുടങ്ങിയ സൃഷ്ടികളെ ആരാധിക്കുന്നത് ഒഴിവാക്കുക എന്നിവയിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്ന മഹത്തായ അടിസ്ഥാന കാര്യത്തിൽ ഏകോപിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)" (സൂറത്ത് നഹ്ൽ 36). വീണ്ടും അല്ലാഹു പറയുന്നു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല." (സൂറത്ത് അൽ അൻബിയാഅ് 25).



# അല്ലാഹുവിന്റെ നാമ ഗുണ വിശേഷണങ്ങൾ

അല്ലാഹുവിന് ഉത്കൃഷ്ടമായ നാമങ്ങളും ഉന്നതമായ വിശേഷണങ്ങളും ഉണ്ട്. അതിനെ കുറിച്ച് നാം മനസ്സിലാക്കുമ്പോൾ നമുക്ക് കൂടുതലായി നമ്മുടെ രക്ഷിതാവിനെ അറിയുകയും അവനോടുള്ള ഇഷ്ടവും ഭയവും അവന്റെ ഔദാര്യത്തോടും ഉദാരതയോടുമുള്ള പ്രതീക്ഷയും വർധിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: "അല്ലാഹു- അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റേതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ." (സൂറത്ത് ത്വാഹ 8).

അവന്റെ നാമങ്ങൾ അവന്റെ ധാരാളം വിശേഷണങ്ങളെ സൂചിപ്പിക്കുന്നു. അല്ലാഹുവിന്റെ നാമങ്ങളിൽ പെട്ടതാണ്:

- **الرحمن والرحيم (പരമ കാരുണികൻ, കരുണാനിധി):** അല്ലാഹു പറയുന്നു: "നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ." (സൂറത്ത് അൽ ബഖറ 163). അവൻ എല്ലാത്തിനെയും ഉൾകൊള്ളുന്ന അതി മഹത്തായതും വിശാലമായതുമായ കാരുണ്യത്തിനുടമയാണ്. ആ കാരുണ്യം എല്ലാ സൃഷ്ടികൾക്കും പൊതുവായി ലഭിക്കുന്നു. ഈ ലോകത്ത് അവന്റെ കാരുണ്യം മുസ്ലിംകളെയും അമുസ്‌ലിംകളെയും മൃഗങ്ങളെയുമൊക്കെ ഉൾകൊള്ളുന്നു. അല്ലാഹു പറയുന്നു: "എന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കും." (സൂറത്ത് അൽ അഅ്റാഫ് 156). അവൻ എല്ലാത്തിനും ഉപജീവനവും ഭക്ഷണവും സന്താനങ്ങളും നൽകുന്നു. എന്നാൽ പരലോകത്തുള്ള അവന്റെ കാരുണ്യം അവന്റെ ദൂതന്മാരെ പിൻപറ്റിയ വിശ്വാസികളായ ദാസന്മാർക്ക് മാത്രമുള്ളതാണ്. അവർക്കുള്ളതാണ് ശാശ്വതമായ സന്തോഷത്തിലേക്ക് നയിക്കുന്ന സമ്പൂർണമായ കാരുണ്യം.

- **സ്രഷ്ടാവ്:** അല്ലാഹു പറയുന്നു: "അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു." (സൂറത്ത് സുമർ 62). അവനാണ് ആകാശ ഭൂമികളും അവക്കിടയിലുള്ളതും സൃഷ്ടിച്ചത്. ചെറിയ അണു മുതൽ സൗരയൂഥം വരെയും അതിനേക്കാൾ വിശാലമായതുമൊക്കെ സൃഷ്ടിച്ചതും അവൻ തന്നെയാണ്. അവന്റെ യുക്തിയും കഴിവും നന്മയും കൊണ്ടാണ് അവൻ സൃഷ്ട്ടിപ്പ് നടത്തിയിട്ടുള്ളത്. അവന്റെ സൃഷ്ടിപ്പിൽ എന്തെങ്കിലും ന്യൂനതയോ കുറവോ കാണാൻ സാധിക്കില്ല.

- **പാപം പൊറുക്കുന്നവൻ:** സത്യസന്ധമായി ഖേദിച്ച് മടങ്ങുന്നവരുടെ പാപങ്ങളെല്ലാം പൊറുക്കുന്നവനാണവൻ. അവർ മുമ്പ് ചെയ്തത് എന്താണെങ്കിലും അവന്റെ ഔദാര്യം കൊണ്ട് അതിൽ പലതും അവൻ പൊറുക്കുന്നതാണ്, അവനുള്ള ആരാധനയിൽ പങ്ക് ചേർക്കുന്നത് (ശിർക്ക്) ഒഴികെ. ശിർക്ക് തൗബ (ഖേദിച്ച് മടങ്ങൽ) കൂടാതെ അവൻ പൊറുക്കില്ല. അല്ലാഹുവോടുള്ള പാപമോചനം, ഖേദിച്ച് മടങ്ങൽ, വിശ്വാസം, സൽകർമങ്ങൾ, മറ്റ് സൃഷ്ടികളോട് നന്മ ചെയ്യൽ എന്നിങ്ങനെ അല്ലാഹുവിൽ നിന്നുള്ള പാപമോചനം നേടുന്നതിനുള്ള വഴികൾ അള്ളാഹു നമുക്ക് തുറന്ന് തന്നിട്ടുണ്ട്. അല്ലാഹു പറയുന്നു: "പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽകർമ്മം പ്രവർത്തിക്കുകയും, പിന്നെ നേർമാർഗത്തിൽ നില കൊള്ളുകയും ചെയ്തവർക്ക്. തീർച്ചയായും ഞാൻ ഏറെ പൊറുത്തുകൊടുക്കുന്നവനത്രെ." (സൂറത്ത് ത്വാഹ 82).

- **ഉപജീവനം നൽകുന്നവൻ:** സർവ്വാധികാരം ഉടമപ്പെടുത്തിയ രാജാവാണ് പരിശുദ്ധനായ അല്ലാഹു. അവൻ സ്വയം പര്യാപ്തനുമാണ്, അവന്റെ ഔദാര്യത്താൽ അവൻ വലിയ ദാനക്കാരനുമാണ്. ഒരു സൃഷ്ടിയും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല. അല്ലാഹു പറയുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ۞ ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. ۞ തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും." (സൂറത്ത് അദ്ദാരിയാത് 56-58).

- **അന്യൂനൻ:** മഹോന്നതനും ന്യൂനതകളിൽ നിന്നും കുറവുകളുടെ എല്ലാ വിശേഷണങ്ങളിൽ നിന്നും മുക്തനുമായവൻ. പൂർണതയുടെയും ഔന്നിത്യത്തിന്റെയും സൗന്ദര്യത്തിന്റെയും എല്ലാ വിശേഷണങ്ങളും ഉള്ളവനാണവൻ. സംസാരത്തിലൂടെയും പ്രവർത്തനത്തിലൂടെയും തന്റെ ദാസന്മാർ സലാം പ്രചരിപ്പിക്കുന്നത് ഇഷ്ടപ്പെടുന്നവനാണവൻ. അല്ലാഹു പറയുന്നു: "താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും ആകുന്നു അവൻ." (സൂറത്ത് ഹഷ്ർ 23).



■ **എല്ലാം അറിയുന്നവൻ:** അത്യുന്നതനായ അല്ലാഹു എല്ലാം കാണുന്നവനും കേൾക്കുന്നവനും അറിയുന്നവനുമാണ്. അവന്റെ അറിവ് എല്ലാത്തിനെയും വലയം ചെയ്തിരിക്കുന്നു. രഹസ്യവും പരസ്യവും ഹൃദയത്തിൽ മറച്ച് വെച്ചതും അവൻ അറിയുന്നു. കഴിഞ്ഞ് പോയതും വരാനിരിക്കുന്നതും വർത്തമാന കാലവും അവൻ അറിയുന്നു. തന്റെ ദാസന്മാരുടെ പ്രവർത്തനങ്ങളെ നിരീക്ഷിച്ച് കൊണ്ടിരിക്കുന്നവനാണവൻ. അനുസരണയുള്ളവന്റെ വിധേയത്വമോ ധിക്കാരിയുടെ ധിക്കാരമോ അവനിൽ നിന്നും മറച്ച് വെക്കപ്പെടില്ല. അല്ലാഹു പറയുന്നു: "അല്ലാഹു എല്ലാ കാര്യവും അറിയുന്നവനാണെന്ന് മനസ്സിലാക്കുകയും ചെയ്യുക." (സൂറത്ത് അൽ ബഖറ 231).

സർവ ലോകരുടെയും രക്ഷിതാവാണവൻ, തന്റെ സൃഷ്ടിപ്പെല്ലാം ഏറ്റവും നന്നാക്കിയവനാണ് അവൻ, ഈ ലോകത്തെ എല്ലാ പൂർണമായതും നല്ലതുമെല്ലാം പരിശുദ്ധനായ അവന്റെ പൂർണതയുടെ പ്രതിഫലനമാണ്.





## രണ്ടാമത്തെ അടിസ്ഥാന തത്വം

## നിന്റെ മതം ഏതാണ്?

### എന്റെ മതം ഇസ്‌ലാമാണ്:

ഇസ്‌ലാം: തൗഹീദിനാൽ അല്ലാഹുവിന് സമർപ്പിക്കലും അനുസരണയാൽ അവന് കീഴൊതുങ്ങലും ശിർക്കിൽ നിന്ന് ഒഴിവാകലുമാണ് ഇസ്‌ലാം.

- അല്ലാഹുവിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും വിശ്വസിക്കുകയും അവന്റെ കൽപനകൾക്ക് കീഴൊതുങ്ങുകയും വിലക്കുകളിൽ നിന്ന് അകന്ന് നിൽക്കുകയും ചെയ്ത്കൊണ്ട് തന്റെ കാര്യങ്ങളെല്ലാം അല്ലാഹുവിന് സമർപ്പിച്ച് ഇസ്‌ലാമിൽ പ്രവേശിക്കുന്നവനാണ് മുസ്‌ലിം. അല്ലാഹു പറയുന്നു: "സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുകയും, നേർ മാർഗത്തിലുറച്ച് നിന്ന് കൊണ്ട് ഇബ്രാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്?" (സൂറത്ത് നിസാഅ് 125). വീണ്ടും അവൻ പറയുന്നു: "അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" (സൂറത്ത് ഫുസ്സിലത്ത് 33).



## ഇസ്‌ലാം മതത്തിന്റെ ചില നന്മകൾ:

- **ഇസ്‌ലാം നീതിയുടെ മതമാണ്:** ബന്ധുക്കളോടും അല്ലാത്തവരോടും, സുഹൃത്തിനോടും ശത്രുവിനോടും, വിശ്വാസിയോടും അവിശ്വാസിയോടുമെല്ലാം നീതി പാലിക്കാൻ ഇസ്‌ലാം കല്പിക്കുന്നു. അല്ലാഹു പറയുന്നു: "തീർച്ചയായും നീതി പാലിക്കുവാൻ അല്ലാഹു കൽപിക്കുന്നു." (സൂറത്ത് നഹ്ൽ 90). അല്ലാഹു നീതി പ്രകാരമാണ് വിധി കല്പിക്കുന്നത്. അവന്റെ അടുക്കൽ ആരും അനീതി കാണിക്കപ്പെടുകയില്ല. അന്ത്യനാളിനെ കുറിച്ച് അല്ലാഹു പറയുന്നു: "ഈ ദിവസം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും. ഈ ദിവസം അനീതിയില്ല." (സൂറത്ത് അൽ ഗാഫിർ 17).

- **ഇസ്‌ലാം കാരുണ്യത്തിന്റെ മതമാണ്:** "അല്ലാഹു പറയുന്നു: "ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല." (സൂറത്ത് അൽ അൻബിയാഅ് 107). മുഹമ്മദ് നബി(സ) പറഞ്ഞു: "കരുണ കാണിക്കുന്നവരോട് പരമ കാരുണികൻ (അല്ലാഹു) കരുണ കാണിക്കും, നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക, ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും." (അബൂ ദാവൂദ്).

- **ഇസ്‌ലാം സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഇണക്കത്തിന്റേയും മതമാണ്:** മുഹമ്മദ് നബി(സ) പറഞ്ഞു: "തനിക്ക് വേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളാരും വിശ്വാസിയാവുകയില്ല." (ബുഖാരി).



- **ഇസ്‌ലാം എളുപ്പത്തിന്റെ മതമാണ്:** എളുപ്പവും പ്രയാസങ്ങൾ നീക്കലുമാണ് ഇസ്‌ലാമിക അധ്യാപനങ്ങൾ മുന്നോട്ട് വെക്കുന്നതെന്ന് ഇസ്‌ലാമിക അധ്യാപനങ്ങളിൽ ചികഞ്ഞ് നോക്കുന്ന ആർക്കും മനസ്സിലാകുന്ന കാര്യമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല." (സൂറത്ത് അൽ ബഖറ 185). വീണ്ടും അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല." (സൂറത്ത് അൽ മാഇദ 6). മറ്റൊരു ആയത്തിൽ അല്ലാഹു പറയുന്നു: "അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല." (സൂറത്ത് അൽ ബഖറ 286).
- **ഇസ്‌ലാം അറിവിന്റെ മതമാണ്:** ഖുർആനിൽ ആദ്യമായി അവതരിച്ച ആയത്ത് "സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക." (സൂറത്ത് അൽ അലഖ് 1) എന്ന ആയത്താണ്. അറിവ് നേടാനും അത് വർധിപ്പിക്കാനും ഓരോ മുസ്‌ലിമിനെയും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: "എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്ന്നീ പറയുകയും ചെയ്യുക." (സൂറത്ത് ത്വാഹ 114). വിജ്ഞാനം നേടുന്നവനാകട്ടെ ഉന്നത പദവികളാണുള്ളത്, അല്ലാഹു പറയുന്നു: "നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്." (സൂറത്ത് അൽ മുജാദില 11).

## ഇസ്‌ലാമിന്റെ സാർവ ലൗകികത:

- സാർവ ലൗകിക മതമാണ് ഇസ്‌ലാം. അത് കേവലം ഏതെങ്കിലും പ്രദേശത്തേക്ക് മാത്രമുള്ളതോ സമുദായത്തിലേക്ക് മാത്രമായുള്ളതോ അല്ല. അത് അറബികൾക്ക് മാത്രമായുള്ള മതവുമല്ല. മറിച്ച് എല്ലാ ജനങ്ങൾക്കുമുള്ള മതമാണ് അത്. അല്ലാഹു ഖുർആനിലൂടെ തന്റെ പ്രവാചകനായ മുഹമ്മദ് നബി(സ) യെ അഭിമുഖീകരിച്ച് കൊണ്ട് പറയുന്നു: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവനാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം." (സൂറത്ത് അൽ അഅ്റാഫ് 158).

- അപ്രകാരം തന്നെ അത് കഴിഞ്ഞ ഏതെങ്കിലും കാലത്തേക്ക് മാത്രമായുള്ള സന്ദേശവുമല്ല. മുഹമ്മദ് നബി(സ) യുടെ പ്രവാചകത്വ നിയോഗം മുതൽ അന്ത്യ നാൾ വരേക്കുമുള്ള സത്യമതമാണത്. അല്ലാഹു പറയുന്നു: "ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (സൂറത്ത് ആലു ഇംറാൻ 85).

## ഇസ്ലാമിന്റെ സമഗ്രത:

- **ഇസ്ലാം ജീവിത മാർഗരേഖയാണ്:** ഇസ്ലാമിക വ്യക്തി, സമൂഹം, സമുദായം എന്നിവക്കെല്ലാം രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം തുടങ്ങി എല്ലാ മേഖലകളിലുമുള്ള നിലപാട് ഇസ്ലാം മുന്നോട്ട് വെക്കുന്നു.
- **ഇസ്ലാം വിശ്വാസവും ദൈവിക നിയമങ്ങളുമാണ്:** ശരിയായ വിശ്വാസങ്ങളും മഹത്തായ ആരാധനകളും യുക്തിസഹമായ ഇടപെടലുകളും സുന്ദരമായ സ്വഭാവവും അച്ചടക്കമുള്ള പെരുമാറ്റ രീതികളും അത് ഉൾകൊള്ളുന്നു.
- **ഇസ്ലാമിക അധ്യാപനങ്ങളും വിധി വിലക്കുകളും** ഒരു മനുഷ്യനും തന്റെ രക്ഷിതാവും തമ്മിലും ഒരു മനുഷ്യന് തന്റെ സ്വന്തത്തോടുള്ളതും മറ്റുള്ളവരോടുള്ളതും മറ്റ് ജീവ ജാലങ്ങളോടും നിർജ്ജീവ വസ്തുക്കളോട് പോലുമുള്ള ബന്ധത്തെ വ്യവസ്ഥപ്പെടുത്തുന്നു.
- **ആത്മാവിന്റെയും ശരീരത്തിന്റെയും എല്ലാവിധ** ക്ഷേമങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇസ്ലാമിക അധ്യാപനങ്ങൾ ഉൾകൊള്ളുന്നു.

**മൊത്തത്തിൽ:** മനുഷ്യന്റെ ഭൗതികവും പാരത്രികവുമായ എല്ലാവിധ നന്മകളും ക്ഷേമങ്ങളും സന്തോഷവും കൊണ്ടാണ് ഇസ്ലാം കടന്ന് വന്നത്.

# ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിത്തറ

## ഈമാൻ കാര്യങ്ങൾ

ആറ് കാര്യങ്ങളിലുള്ള ഉറച്ച വിശ്വാസവും അതിനെ സത്യപ്പെടുത്തലുമാണ് ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിത്തറയായി പരിഗണിക്കപ്പെടുന്നത്. ഈ ആറ് കാര്യങ്ങൾ ഈമാൻ (വിശ്വാസ) കാര്യങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. അവ;

1. **അല്ലാഹുവിലുള്ള വിശ്വാസം:** അല്ലാഹുവിന്റെ അസ്തിത്വത്തിലും ഈ പ്രപഞ്ചത്തിന്റെയും അതിലുള്ളതിന്റെയും മുഴുവൻ സ്രഷ്ടാവും നിയന്താവും അധിപനും അവൻ മാത്രമാണെന്നതിലും അവൻ മാത്രമാണ് ആരാധനക്കർഹനെന്നും അവന് പങ്ക് കാരില്ലെന്നതിലും സൗന്ദര്യത്തിന്റെയും ഔന്നിത്യത്തിന്റെയും വിശേഷണങ്ങളാൽ വിശേഷിപ്പിക്കപ്പെടുന്ന എല്ലാവിധ ന്യൂനതകളിൽ നിന്നും കുറവുകളിൽ നിന്നും മുക്തനായ അവന് തുല്യമായി യാതൊന്നുമില്ലാത്ത പൂർണ നാണ് അവൻ എന്നതിലുമെല്ലാം വിശ്വസിക്കലാണ് അത്.



2. **മലക്കുകളിലുള്ള വിശ്വാസം:** അല്ലാഹുവിന്റെ സൃഷ്ടികളാണവർ. അവനെ ആരാധിക്കാനും അവന്റെ കല്പനകളെല്ലാം അനുസരിക്കാനും അവരെ ഏല്പിച്ച പ്രവർത്തനങ്ങൾ നിർവഹിക്കാനുമായാണ് അവരെ അവൻ സൃഷ്ടിച്ചത്. അവരുടെ അസ്തിത്വത്തിൽ മൊത്തത്തിലും പ്രവാചകന്മാർക്ക് വഹ്‌യ് (ദിവ്യബോധനം) എത്തിച്ച് കൊടുക്കുന്ന ജിബ്‌രീൽ, സസ്യങ്ങളുടെയും മഴയുടെയും ചുമതലയേല്പിക്കപ്പെട്ട മീക്കാഈൽ, കാഹളത്തിൽ ഊതാൻ ചുമതലയേല്പിക്കപ്പെട്ട ഇസ്‌റാഫീൽ, മനുഷ്യരുടെ ആത്മാവിനെ പിടിക്കാൻ ചുമതലയേല്പിക്കപ്പെട്ട മലക്കുൽ മൗത്ത് (മരണത്തിന്റെ മലക്ക്), നരകത്തിന്റെ കാവൽക്കാരനായ മാലിക്ക് എന്നിങ്ങനെ നമുക്ക് ദിവ്യബോധനം മുഖനെ പേരും വിശേഷണങ്ങളും അറിയിച്ച് തരപ്പെട്ടവരെ കുറിച്ച് ആ രൂപത്തിൽ വിശദമായും നമ്മൾ വിശ്വസിക്കുന്നു.

3. **വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം:** തന്റെ സൃഷ്ടികളോടുള്ള കാരുണ്യമായും അവർക്ക് ഇഹപര സന്തോഷം ലഭ്യമാക്കുന്ന നിലക്ക് സന്മാർഗ്ഗത്തിലേക്ക് അവരെ വഴി നടത്താനുമായി തന്റെ ദൂതന്മാർ മുഖേനെ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. അവയെ കുറിച്ച് മൊത്തത്തിലും മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിക്കപ്പെട്ട ഖുർആൻ, ഈസാ(അ)ക്ക് അവതരിപ്പിക്കപ്പെട്ട ഇഞ്ചീൽ, മൂസാ(അ)ക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്ത്, ദാവൂദ്(അ)ക്ക് അവതരിപ്പിക്കപ്പെട്ട സബൂർ, ഇബ്‌റാഹീം(അ)ക്ക് അവതരിപ്പിക്കപ്പെട്ട ഏടുകൾ എന്നിങ്ങനെ ദിവ്യസന്ദേശത്താൽ നമുക്ക് പേര് പഠിപ്പിക്കപ്പെട്ടവയെ കുറിച്ച് വിശദമായും നമ്മൾ വിശ്വസിക്കുന്നു.

**4.ദൂതന്മാരിലുള്ള വിശ്വാസം:** അല്ലാഹു സന്മാർഗ ദർശനം ദിവ്യ ബോധനമായി നൽകി തന്റെ മതം മനുഷ്യർക്ക് എത്തിക്കാനാ യി അവരിലേക്ക് ദൂതന്മാരായി നിയോഗിച്ച മനുഷ്യരാണവർ. അവരിൽ ആദ്യത്തെ ആൾ നൂഹും അവസാനത്തെ ദൂതൻ മുഹമ്മദ് നബി(സ) യുമാണ്. അവരെല്ലാവരും മതത്തിലും സ്വഭാവത്തിലും പൂർണ തയുള്ളവരായിരുന്നു. അവരുടെ നിയോഗത്തിന്റെ ഏറ്റവും പ്രധാന പ്പെട്ട ലക്ഷ്യം ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കുന്നതിലേക്കും ശിർക്കും ആരാധനകൾ അല്ലാഹുവല്ലാത്തവർക്ക് അർപ്പിക്കുന്നതും ഉപേക്ഷിക്കുന്നതിലേക്കും നന്മകൾ ചെയ്യുന്നതിലേക്കും തിന്മകൾ ഉപേക്ഷിക്കുന്നതിലേക്കും ജനങ്ങളെ ക്ഷണിക്കുക എന്നതാണ്.

അല്ലാഹു മനുഷ്യരിൽ പെട്ട ദൂതന്മാരെ നിയോഗിച്ചിട്ടുണ്ടെന്നും അവർ അറിയിച്ച് തന്ന കാര്യങ്ങളിൽ അവരെ സത്യപ്പെടുത്തലും അവരെ അനുസരിക്കലും അവർ കൽപിച്ച കാര്യങ്ങളിൽ അവരെ പിൻപറ്റലും തന്റെ ദാസന്മാരുടെ മേൽ അവൻ നിർബന്ധമാക്കിയിട്ടുണ്ടെന്നും നമ്മൾ വിശ്വസിക്കുന്നു. ഇദ്‌രീസ്, നൂഹ്, ഇബ്‌റാഹീം, മൂസാ, ഈസാ, ഹൂദ്, സ്വാലിഹ്, ശുഐബ്(അ) തുടങ്ങി അല്ലാഹു പേരും അവരുടെ സമുദായങ്ങളുടെ കഥകളും വിവരിച്ച് തന്നവരും അതല്ലാത്തവരും അവരുടെ കൂട്ടത്തിൽ ഉണ്ടെന്ന് നാം മനസിലാക്കുന്നു. അല്ലാഹു പറയുന്നു: "നിനക്ക് മുമ്പ് നാം പല ദൂതൻമാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചുതന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല. യാതൊരു ദൂതന്നും അല്ലാഹുവിന്റെ അനുമതിയോട് കൂടിയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടു വരാനാവില്ല. എന്നാൽ അല്ലാഹുവിന്റെ കൽപന വന്നാൽ ന്യായപ്രകാരം വിധിക്കപ്പെടുന്നതാണ്. അസത്യവാദികൾ അവിടെ നഷ്ടത്തിലാവുകയും ചെയ്യും." (സൂറത്ത് അൽ ഗാഫിർ 78).



5. **അന്ത്യനാളിലുള്ള വിശ്വാസം:** അല്ലാഹു ജനങ്ങളെ ഇഹലോകത്തെ കർമങ്ങളെ കുറിച്ചുള്ള വിചാരണക്കും പ്രതിഫലത്തിനുമായി പുനർജീവിപ്പിക്കുന്ന ഖിയാമത്ത് നാളാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. അന്ന് അവരുടെ കർമങ്ങളുടെ അടിസ്ഥാനത്തിൽ അള്ളാഹു അവരെ രണ്ട് വിഭാഗമായി തിരിക്കുകയും വിശ്വാസിയെ നിത്യവാസത്തിനുള്ള സ്വർഗത്തിലും സത്യനിഷേധിയെ നിത്യവാസത്തിനുള്ള നരകത്തിലും പ്രവേശിപ്പിക്കുകയും ചെയ്യും. എന്നാൽ വിശ്വാസി ആകുന്നതോടൊപ്പം തന്നെ തിന്മകൾ പ്രവർത്തിച്ചവനാണെങ്കിൽ ഒന്നുകിൽ അല്ലാഹു അവന് പൊറുത്ത് കൊടുത്തേക്കാം അല്ലെങ്കിൽ അവന്റെ തിന്മക്ക് തുല്യമായ കാലം അവനെ ശിക്ഷിക്കുകയും ശേഷം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

6. **നന്മയും തിന്മയുമാകുന്ന വിധിയിലുള്ള വിശ്വാസം:** കഴിഞ്ഞതും വരാനിരിക്കുന്നതുമെല്ലാം അല്ലാഹു അറിയുമെന്നും സൃഷ്ടികളുടെ കാര്യങ്ങളെല്ലാം തന്നെ അല്ലാഹു മുൻകൂട്ടി രേഖപ്പെടുത്തി വെച്ചിട്ടുണ്ടെന്നും ഒരു മുസ്‌ലിം വിശ്വസിക്കുന്നു. അവന്റെ അറിവും രേഖപ്പെടുത്തലും നടപടിക്രമവും സൃഷ്ടിപ്പും ഇല്ലാതെ ഈ പ്രപഞ്ചത്തിൽ ഒന്നും തന്നെ സംഭവിക്കുകയില്ല. അത് നന്മയാണെങ്കിൽ അപ്പോൾ അത് അല്ലാഹുവിന്റെ കാരുണ്യമാണ്, നന്മയല്ലാത്തതാണെങ്കിൽ അപ്പോൾ അത് അല്ലാഹുവിന്റെ പരീക്ഷണമോ ശിക്ഷയോ ആണ്. ഇതെല്ലം സംഭവിക്കുന്നത് മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയാത്തത്ര മഹത്വമേറിയതും പൂർണമായതുമായ അല്ലാഹുവിന്റെ നീതിയും യുക്തിയുമനുസരിച്ചാണ്. ഒരു ദാസൻ നന്മ തിന്മകളാകുന്ന വിധികളിൽ വിശ്വസിച്ചാൽ കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ കൈകളിൽ മാത്രമാണെന്നും അവൻ ഉദ്ദേശിക്കുന്നത് ഉണ്ടാവുമെന്നും അവൻ ഉദ്ദേശിക്കാത്തത് ഉണ്ടാകില്ലെന്നും അയാൾ അതിലൂടെ മനസ്സിലാക്കുന്നതിനാൽ അവന്റെ ഹൃദയം ശാന്തമാവുകയും ആത്മാവ് സമാധാനമടയുകയും ചെയ്യുകയും അവൻ തന്റെ കാര്യങ്ങളെല്ലാം അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്യും.





## ഇസ്‌ലാം കാര്യങ്ങൾ:

ഇസ്‌ലാം പടുത്തുയർത്തപ്പെട്ട സ്തംഭങ്ങൾക്കാണ് ഇസ്‌ലാം കാര്യങ്ങൾ എന്ന് പറയുന്നത്. ഇങ്ങനെ ഒരു മുസ്‌ലിം ജീവിതത്തിൽ പുലർത്തേണ്ട അഞ്ച് കാര്യങ്ങളാണുള്ളത്:

1. **അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക:** അല്ലാഹു മാത്രമാണ് ആരാധനക്കർഹനായ ഏകദൈവമെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിനെ കുറിച്ച് നമുക്ക് അറിയിച്ച് തരുന്ന അവന്റെ ദൂതനാണെന്നും ഹൃദയത്തിൽ ഉള്ള വിശ്വാസത്തോടുകൂടി നാവ് കൊണ്ട് പ്രഖ്യാപിക്കലാണ് ഇത്.

2. **നമസ്കാരം നിലനിർത്തുക:** ഒരു മുസ്‌ലിമിന് ദിനേനെ അഞ്ച് നേരം അല്ലാഹുവിനെ മഹത്വപ്പെടുത്തി കൊണ്ട് നിറുത്തവും റുകൂഉം സുജൂദുമൊക്കെ നിർവഹിച്ച് കൊണ്ടുള്ള നമസ്കാരം നിർബന്ധമാണ്. ഫജ്ർ നമസ്കാരം, ദുഹ്ർ നമസ്കാരം, അസ്ർ നമസ്കാരം, മഗ്‌രിബ് നമസ്കാരം, ഇഷാ നമസ്കാരം എന്നിങ്ങനെ അവയുടെ സമയത്തിന്റെ പേരിൽ തന്നെയാണ് അവ അറിയപ്പെടുന്നത്. നിർബന്ധമല്ലാത്ത നിലക്ക് വേറെയും നമസ്കാരങ്ങളുമുണ്ട്.

3. **സകാത്ത് കൊടുക്കുക:** ഒരു മുസ്‌ലിം തന്റെ പക്കലുള്ള സമ്പത്തിന്റെ ഒരു ചെറിയ നിശ്ചിത അളവ് ദരിദ്രർ, അഗതികൾ പോലെയുള്ള സകാത്തിന്റെ അവകാശികൾക്ക് കൊടുക്കണം.



4. **റമദാനിലെ നോമ്പ്:** റമദാൻ മാസത്തിന്റെ പകലിൽ ഭക്ഷണ പാനീയങ്ങൾ, ലൈംഗിക ബന്ധം തുടങ്ങി നോമ്പ് മുറിയുന്ന കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് നിന്ന് കൊണ്ട് അല്ലാഹുവിനുള്ള ആരാധനായി വ്രതാനുഷ്ഠാനം നിർവഹിക്കുക.

5. **ഹജ്ജ് ചെയ്യുക:** കഴിവുള്ള ഒരു മുസ്‌ലിം ജീവിതത്തിൽ ഒരു തവണയെങ്കിലും അല്ലാഹുവിനുള്ള ആരാധനയായി കൊണ്ട് മക്കയിലേക്ക് പോയി ഹജ്ജിന്റെ കർമങ്ങൾ നിർവഹിക്കണം.



## ആരാധന ഇസ്‌ലാമിൽ:

ആരാധന: അല്ലാഹുവിനെ ഏകനാക്കലും അവൻ ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന വാക്കുകളിലൂടെയും ബാഹ്യവും ആന്തരികവുമായ പ്രവർത്തനങ്ങളിലൂടെയും അവന്റെ സാമിപ്യം തേടലാണ് ആരാധന.

- **വാക്കുകൾ:** ഖുർആൻ പാരായണം, പ്രാർത്ഥന, ദിക്ർ, ഉപകാരപ്രദമായ അറിവ് നേടൽ, മറ്റുള്ളവർക്ക് ഉപദേശങ്ങൾ നൽകൽ മുതലായവ.
- **പ്രവർത്തനങ്ങൾ:** ശുദ്ധീകരണം, നമസ്കാരം, ഹജ്ജ്, ആളുകളെ സഹായിക്കൽ മുതലായവ.
- **ബാഹ്യ പ്രവർത്തനങ്ങൾ:** നമസ്കാരം, ഹജ്ജ്, ഖുർആൻ പാരായണം, പ്രബോധനം, കുടുംബ ബന്ധം ചേർക്കൽ തുടങ്ങി കാണാനും കേൾക്കാനും കഴിയുന്ന നിലക്ക് പ്രകടമായി ചെയ്യുന്ന പ്രവർത്തനങ്ങൾ.
- **ആന്തരിക പ്രവർത്തനങ്ങൾ:** അല്ലാഹുവിനോടുള്ള ഇഷ്ടം, പ്രതീക്ഷ, ഭയം, ഭയഭക്തി, അവനിൽ ഭരമേല്പിക്കൽ തുടങ്ങി ഹൃദയം കൊണ്ടുള്ള പ്രവർത്തനങ്ങൾ.



## ആരാധനയുടെ പ്രാധാന്യം ഇസ്‌ലാമിൽ:

അല്ലാഹുവിന്റെ മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം തന്നെ അല്ലാഹുവിനുള്ള ആരാധനയാണ്. അല്ലാഹു പറയുന്നു: “ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” (സൂറത്ത് അദ്ദാരിയാത് 56).

മനുഷ്യർക്ക് അവരുടെ ജീവിതത്തിലും ആത്മാക്കളിലും വിവിധ നേട്ടങ്ങൾ നേടിയെടുക്കേണ്ട വിധത്തിൽ മഹത്തായ യുക്തിയുടെ അടിസ്ഥാനത്തിലാണ് ആരാധനകൾ നിയമമാക്കപ്പെട്ടത്. അത് ആത്മാവുകളെ സംസ്കരിക്കുകയും ശുദ്ധീകരിക്കുകയും മാനുഷിക പൂർണതയുടെ ഉന്നത തലങ്ങളിലേക്ക് ഉയർത്തുകയും ചെയ്യുന്നു എന്നതൊക്കെ ആരാധനയുടെ ശ്രേഷ്ഠതകളിൽ പെട്ടതാണ്.

മനുഷ്യ ശരീരത്തിന് ഭക്ഷണ പാനീയങ്ങൾ ആവശ്യമായത് പോലെ തന്നെ അവന്റെ ഹൃദയവും ആത്മാവും ആരാധനയാൽ അല്ലാഹുവിലേക്ക് അടുക്കുന്നതും ആവശ്യപ്പെടുന്നതിനാൽ തന്നെ മനുഷ്യൻ ആരാധനകളിലേക്ക് അത്യധികം ആവശ്യമുള്ളവനാണ്. അല്ലാഹുവിനുള്ള ആരാധനയും അവന്റെ സ്മരണയും കൊണ്ടല്ലാതെ മനുഷ്യ മനസിന് ശാന്തി ലഭിക്കില്ല, അല്ലാഹുവിന്റെ സാമീപ്യവും അവനോടുള്ള നല്ല ബന്ധവുമില്ലാതെ ഹൃദയം വിശാലമാവുകയോ സംതൃപ്തിയടയുകയോ ഇല്ല. യഥാർത്ഥ ആരാധനയുടെ ആൾക്കാർ ഏറ്റവും സന്തോഷവും ഹൃദയ വിശാലതയുമുള്ളവരായിരിക്കും. അതിനാൽ സന്തോഷം ആഗ്രഹിക്കുന്നവർ അല്ലാഹുവിനുള്ള ആരാധനയുടെ മാർഗത്തിൽ ഉറച്ച് നിൽക്കണം.



## ഇസ്‌ലാമിക ആരാധനകളുടെ സമഗ്രത:

അല്ലാഹു ഇഷ്ടപ്പെടുകയും അവ പ്രവർത്തിക്കുന്നത് മുഖേനെ അവന്റെ സാമിപ്യം സിദ്ധിക്കുകയും ചെയ്യുന്ന എല്ലാ സത്കർമങ്ങളും ഇസ്‌ലാമിലെ ആരാധനയിൽ ഉൾകൊള്ളുന്നു. അവ:

- **ആരാധനാപരമായ അനുഷ്ഠാനങ്ങൾ:** നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, ഖുർആൻ പാരായണം, പ്രാർത്ഥന, ദിക്ർ തുടങ്ങിയവ.
- **നല്ല ഇടപെടലുകൾ:** മാതാപിതാക്കൾക്ക് നന്മ ചെയ്യൽ, കുടുംബ ബന്ധം ചേർക്കൽ, ഇണയോടും മക്കളോടും നല്ലനിലയിൽ പെരുമാറൽ, നല്ല നിലയിൽ കച്ചവട ഇടപാട് നടത്തൽ, ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിലെ കൃത്യത, അയൽവാസികൾക്ക് നന്മ ചെയ്യൽ, പാവപ്പെട്ടവരെ സഹായിക്കൽ, സഹജീവികളോട് കരുണ കാണിക്കൽ തുടങ്ങിയവ.
- **നല്ല പെരുമാറ്റം:** സത്യം പറയൽ, വിശ്വസിച്ചേൽപിച്ച കാര്യങ്ങൾ കൃത്യമായി നിറവേറ്റൽ, കരാർ പാലനം, പുഞ്ചിരി, നല്ല വാക്ക് പറയൽ, ലജ്ജ തുടങ്ങിയ നല്ല സ്വഭാവ രീതികളും ഇസ്‌ലാമിലെ ആരാധനയിൽ ഉൾപ്പെടുന്നു.

ഒരു മുസ്‌ലിം അവൻ പള്ളി, വീട്, തൊഴിലിടം അങ്ങനെ എവിടെയായിരുന്നാലും അല്ലാഹുവിനെ ആരാധിക്കണം. അവന്റെ ജീവിതം മുഴുക്കെ അല്ലാഹുവിനുള്ളതാണ്. അല്ലാഹു പറയുന്നു: "പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാ കർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു." (സൂറത്ത് അൽ അൻആം 162).







## മൂന്നാമത്തെ അടിസ്ഥാന തത്വം

## നിന്റെ പ്രവാചകൻ ആരാണ് ?

### എന്റെ പ്രവാചകൻ മുഹമ്മദ് നബി(സ)യാണ്:

മുഹമ്മദ് നബി(സ)യാണ് നമ്മുടെ പ്രവാചകൻ. അദ്ദേഹത്തിന്റെ പിതൃ പരമ്പര അബ്ദുല്ല, അബ്ദുൽ മുത്തലിബ്, ഹാഷിം എന്നിവരിലൂടെ ഇസ്മാഈൽ (അ), ഇബ്രാഹീം(അ) എന്നിവരിലേക്ക് എത്തുന്നു.

അദ്ദേഹത്തിന് നാൽപത് വയസായപ്പോൾ അല്ലാഹു അദ്ദേഹത്തെ മക്കയിലേക്ക് നിയോഗിക്കുകയും അവിടുത്തോടൊപ്പം ഖുർആൻ അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹം ജനങ്ങളെ ഏകദൈവാരാധനയിലേക്കും ഇസ്‌ലാമിലേക്കും ക്ഷണിച്ചു. എന്നാൽ അദ്ദേഹത്തിന്റെ സമൂഹം അദ്ദേഹത്തെ കഠിനമായി ഉപദ്രവിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ അനുചരന്മാരെയും അവർ ശിക്ഷിക്കുകയും അവരിൽ ചിലരെ വധിക്കുകയും ചെയ്തു. പതിമൂന്ന് വർഷക്കാലത്തെ മക്കാ ജീവിതത്തിന് ശേഷം അദ്ദേഹം യഥ്‌രിബ് (പിന്നീട് അതിന്റെ പേര് മദീനത്തുന്നബവി - പ്രവാചകന്റെ പട്ടണം എന്ന് അറിയപ്പെട്ടു) പട്ടണത്തിലേക്ക് പലായനം ചെയ്തു. ശേഷം അവിടെ ഒരു ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കുകയും ഇസ്‌ലാമിക സമൂഹത്തിന് അടിത്തറ പാകുകയും ചെയ്തു. മദീനയിൽ അദ്ദേഹം ജനങ്ങൾക്ക് മാർഗദർശനം നൽകുകയും വിജ്ഞാനം നൽകുകയും പ്രബോധനം ചെയ്യുകയും



ചെയ്തുകൊണ്ട് മത നിയമങ്ങൾക്ക് പരിസമാപ്തി കുറിക്കുന്നത് വരെ പത്ത് വർഷക്കാലത്തോളം ജീവിച്ചു. അങ്ങനെ ഇസ്ലാം മതം പൂർത്തിയാക്കി കൊണ്ട് അല്ലാഹു ഖുർആനിക വചനം അവതരിപ്പിച്ചു : "ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു." (സൂറത്ത് അൽ മാഇദ 3).

ശേഷം അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞ പോലെ "അല്ലാഹുവിന്റെ സഹായവും വിജയവും വന്നുകിട്ടിയാൽ. ۞ ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ ۞ നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും, നീ അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു." (സൂറത്ത് നസ്ർ 1-3). ജനങ്ങൾ സ്വന്തം ഇഷ്ടത്തോടെയും താത്പര്യത്തോടെയും ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്ന കാഴ്ചയാൽ കൺ കുളിർമയണിഞ്ഞ് കൊണ്ട് അവിടുന്ന് ഇഹലോക വാസം വെടിഞ്ഞു.

## കാരുണ്യത്തിന്റെ പ്രവാചകൻ:

നമ്മുടെ പ്രവാചകനായ മുഹമ്മദ് നബി(സ) കാരുണ്യത്തിന്റെ പ്രവാചകനാണ്. അദ്ദേഹത്തിന്റെ ജീവിത യാത്രയുടെ ഒരു ഘട്ടത്തിലും കരുണ അദ്ദേഹത്തിൽ നിന്നും അകന്ന് നിൽക്കുന്ന ഒരു സന്ദർഭവും കാണാൻ സാധിക്കില്ല. അല്ലാഹു പറയുന്നു: "ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല." (സൂറത്ത് അൽ അൻബിയാഅ് 107).



ജനങ്ങളെ സത്യനിഷേധത്തിന്റെയും അജ്ഞതയുടെയും വഴികേടിന്റേയും ഇരുട്ടിൽ നിന്നും വിശ്വാസത്തിന്റെയും അറിവിന്റേയും സന്മാർഗത്തിന്റെയും വെളിച്ചത്തിലേക്ക് വഴി നടത്താൻ അദ്ദേഹം അതീവ തത്പരനായിരുന്നു എന്നത് അദ്ദേഹത്തിന്റെ കരുണയുടെ ഒരു ഉദാഹരണമാണ്. തന്റെ സമൂഹം തന്നിൽ വിശ്വസിക്കാതായപ്പോൾ അവരുടെ വിശ്വാസമില്ലായ്മയുടെ ദുഃഖഭാരത്താൽ അവിടുന്ന് ജീവനാശം വരുത്തുവാൻ പോലും തുനിഞ്ഞേക്കാം എന്ന് ഖുർആൻ പറയുന്നു: "അതിനാൽ ഈ സന്ദേശത്തിൽ അവർ വിശ്വസിച്ചില്ലെങ്കിൽ അവർ പിന്തിരിഞ്ഞ് പോയതിനെത്തുടർന്ന് (അതിലുളള) ദുഃഖത്താൽ നീ ജീവനൊടുക്കുന്നവനായേക്കാം." (സൂറത്ത് അൽ കഹ്ഫ് 6).

വിശ്വാസികളോടുള്ള അവിടുത്തെ താത്പര്യത്തിലും അനുകമ്പയിലും അവിടുത്തെ കാരുണ്യം പ്രതിഫലിച്ച് കാണാം. അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം." (സൂറത്ത് തൗബ 128). തന്റെ സമുദായത്തിന് ചെയ്യാൻ കഴിയാത്തതോ പ്രയാസകരമായതോ ആയ കാര്യങ്ങളിൽ അവരെ നിർബന്ധിക്കാതെ മതം അവർക്ക് എളുപ്പമാക്കി കൊടുത്തതിലും അദ്ദേഹത്തിന്റെ ഈ കരുണ പ്രകടമാണ്. നബി(സ) പറഞ്ഞു: "നിങ്ങൾ എളുപ്പമാക്കുക പ്രയാസമുണ്ടാക്കരുത്, നിങ്ങൾ സന്തോഷവാർത്ത അറിയിക്കുക ആട്ടിയകറ്റരുത്." (മുസ്‌ലിം).

അദ്ദേഹത്തിന്റെ കാരുണ്യം മനുഷ്യരോട് മാത്രം പരിമിതമല്ല. മറിച്ച്, മൃഗങ്ങളോട് പോലും കരുണ കാണിക്കാനും അവയെ ഉപദ്രവിക്കാതിരിക്കാനും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. തെറ്റുകൾ ചെയ്തിരുന്ന ഒരു സ്ത്രീ നായക്ക് വെള്ളം കൊടുത്തതിന്റെ പേരിൽ അല്ലാഹു അവർക്ക് പൊറുത്ത് കൊടുത്ത് സ്വർഗത്തിൽ പ്രവേശിപ്പിച്ചതും പൂച്ചക്ക് ഭക്ഷണം കൊടുക്കാതെ കെട്ടിയിട്ട് അതിനെ കൊന്നതിനാൽ ഒരു സ്ത്രീ നരകത്തിൽ പ്രവേശിച്ചതുമായ കാര്യം പറഞ്ഞു കൊണ്ട് തന്റെ അനുചരന്മാർക്ക് ഇതിന്റെ പ്രാധ്യാനം അദ്ദേഹം വ്യക്തമാക്കി കൊടുക്കുകയും ചെയ്തു.

## അദ്ദേഹത്തിന്റെ ദൗത്യം എല്ലാ ജനങ്ങളിലേക്കുമുള്ളതാണ്:

മുൻകഴിഞ്ഞ ദൈവ ദൂതന്മാരും പ്രവാചകന്മാരുമെല്ലാം അവരുടെ സമൂഹത്തിലേക്ക് പ്രത്യേകമായി നിയോഗിക്കപ്പെട്ടവരായിരിന്നു. എന്നാൽ പ്രവാചകൻ മുഹമ്മദ് നബി(സ) എല്ലാ കാലത്തും ഏത് പ്രദേശത്തുമുള്ള ആളുകളിലേക്കെല്ലാമായി നിയോഗിക്കപ്പെട്ട ദൂതനാണ്. അല്ലാഹു പറയുന്നു: "നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയികൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്." (സൂറത്ത് സബഅ് 28). വീണ്ടും അല്ലാഹു പറയുന്നു: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു." (സൂറത്ത് അൽ അഅ്റാഫ് 158). നബി(സ) പറഞ്ഞു: "ഒരു പ്രവാചകൻ അദ്ദേഹത്തിന്റെ സമുദായത്തിലേക്ക് മാത്രമായാണ് നിയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ ഞാൻ എല്ലാ ജനങ്ങളിലേക്കുമായാണ് നിയോഗിക്കപ്പെട്ടത്." (ബുഖാരി).

അദ്ദേഹത്തിന്റെ പ്രവാചകത്വ നിയോഗം മുതൽ അന്ത്യനാൾ വരെയുള്ള എല്ലാ ജനങ്ങൾക്കും അദ്ദേഹത്തെ പിൻപറ്റലും അവിടുന്ന് അറിയിച്ച് തന്ന കാര്യങ്ങൾ സത്യപ്പെടുത്തലും അദ്ദേഹത്തിന്റെ മതത്തിൽ പ്രവേശിക്കലും നിർബന്ധമാണ്. അദ്ദേഹം മുഖേനെ ദൈവിക സന്ദേശങ്ങൾക്ക് അല്ലാഹു പരിസമാപ്തി കുറിക്കുകയും അദ്ദേഹത്തെ അനുസരിക്കൽ നിർബന്ധവുമാക്കി; അദ്ദേഹത്തെ അനുസരിച്ചവൻ ഇഹലോക ജീവിതത്തിൽ സന്തോഷം കരസ്ഥമാക്കും, പരലോകത്ത് സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യും. അദ്ദേഹത്തോട് അനുസരണക്കേട് കാണിക്കുന്നവൻ ഇഹലോകത്ത് പ്രയാസപ്പെടും, പരലോകത്താകട്ടെ നരകത്തിൽ പ്രവേശിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: "എന്നാൽ എന്റെ പക്കൽ നിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നു കിട്ടുന്ന പക്ഷം, അപ്പോൾ എന്റെ മാർഗദർശനം ആര് പിൻപറ്റുന്നുവോ അവൻ പിഴച്ച് പോകുകയില്ല, കഷ്ടപ്പെടുകയുമില്ല. ۞ എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വരുന്നതുമാണ്." (സൂറത്ത് ത്വാഹ 123 , 124).





## റസൂൽ(സ) തന്റെ കുടുംബത്തോടൊപ്പം:

ഒരു വ്യക്തിയുടെ സ്വഭാവ ഗുണങ്ങളും സംസ്കാരവും സഹവാസ രീതികളുമൊക്കെ വ്യക്തമാകുന്ന ഇടമാണ് അയാളുടെ വീട്. ഒരു വ്യക്തി തന്റെ ഭാര്യയോടും മക്കളോടും വേലക്കാരോടും കൂടെയായിരിക്കുമ്പോൾ മറ്റ് സ്വാധീനങ്ങൾക്കൊന്നും വഴങ്ങാതെ തന്റെ യഥാർത്ഥ സ്വഭാവത്തിനനുസരിച്ച് പെരുമാറുന്നു.

ഇസ്‌ലാമിക സമൂഹത്തിന്റെ പ്രവാചകനും നേതാവും അധ്യാപകനുമായ മുഹമ്മദ് നബി(സ)യുടെ വീട്ടിലെ അദ്ദേഹത്തിന്റെ പെരുമാറ്റത്തെ കുറിച്ച് പഠിച്ചാൽ ഒരാൾ തന്റെ വീട്ടിൽ കുടുംബത്തോടും മക്കളോടും എങ്ങനെ പെരുമാറണമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് പ്രവാചകൻ(സ) എന്ന് ഏതൊരാൾക്കും ബോധ്യമാകും.

നബി(സ) തന്റെ വീട്ടിൽ എങ്ങനെയായിരുന്നുവെന്ന് അദ്ദേഹത്തിന്റെ പത്നി ആഇശ(റ)യോട് ചോദിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു: "അവിടുന്ന് തന്റെ കുടുംബത്തിനുള്ള സേവനത്തിലായിരിക്കും, നമസ്കാര സമയമായാൽ അവിടുന്ന് നമസ്കാരത്തിനായി പോകും." (മുസ്‌ലിം).

തന്റെ ഭാര്യമാരോടും കുടുംബത്തോടുമുള്ള പെരുമാറ്റത്തിൽ മനുഷ്യരിൽ ഏറ്റവും ഉത്തമനായിരുന്നു നബി(സ). തന്റെ ഭാര്യമാരോടുള്ള നല്ല പെരുമാറ്റം, സൗമ്യമായ ഇടപെടൽ, അവരുടെ പ്രകൃതി പരവും മാനസികവുമായ ആഗ്രഹങ്ങളെ തിരിച്ചറിയൽ എന്നിവയുടെ അതിശയകരമായ ചിത്രങ്ങൾ അവിടുന്ന് മുന്നോട്ട് വെക്കുന്നതോടൊപ്പം തന്നെ അവരെ സന്തോഷിപ്പിക്കാനും സംതൃപ്തിപ്പെടുത്താനുമുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. ആഇശ(റ) പറയുന്നു: "ഒരു ദിവസം അബ്സീനിയക്കാർ പള്ളിയിൽ കളിക്കുമ്പോൾ എന്റെ മുറിയുടെ വാതിൽക്കൽ റസൂൽ(സ) യെ ഞാൻ കണ്ടു, അവിടുന്ന് അവരുടെ കളി എനിക്ക് കാണുവാൻ വേണ്ടി അദ്ദേഹത്തിന്റെ തട്ടം കൊണ്ട് എനിക്ക് മറയൊരുക്കി തന്നു." (ബുഖാരി, മുസ്‌ലിം).



നബി(സ) തന്റെ പെൺമക്കളെ ഇഷ്ടപ്പെടുകയും അവരെ ആദരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രി ഫാത്വിമ അദ്ദേഹത്തിന്റെ അടുക്കലേക്ക് വന്നാൽ അദ്ദേഹം എഴുന്നേറ്റ് അവരെ സ്വീകരിക്കുകയും തന്റെ ഇരിപ്പിടത്തിൽ അവരെ ഇരുത്തുകയും ചെയ്യുമായിരുന്നു. അദ്ദേഹം തന്റെ പെൺമക്കളെ സന്ദർശിക്കുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്യാറുണ്ടായിരുന്നു.

തന്റെ സമുദായത്തോടുള്ള അദ്ദേഹത്തിന്റെ ഉപദേശത്തിൽ പെട്ടതായിരുന്നു "നിങ്ങൾ സ്ത്രീകളോട് മാന്യമായി പെരുമാറണം." (ബുഖാരി, മുസ്‌ലിം). എന്നത്.



## മുഹമ്മദ് നബി(സ)യുടെ സ്വഭാവ ഗുണങ്ങൾ:

ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ സ്വഭാവത്തിനും ഏറ്റവും നല്ല സംസ്കാരത്തിനു മുടമയായിരുന്നു പ്രവാചകൻ(സ). അദ്ദേഹത്തെ അല്ലാഹു വിശേഷിപ്പിച്ചത് "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു." എന്നാണ്. (സൂറത്ത് അൽ ഖലം 4). സ്വഭാവ പരമായ എല്ലാ ന്യൂനതകളിൽ നിന്നും മുക്തി നേടുകയും എല്ലാ ശ്രേഷ്ഠതകളിലും പൂർണത നേടുകയും ചെയ്ത് കൊണ്ട് അദ്ദേഹം മറ്റാർക്കും എത്തിപ്പെടാൻ കഴിയാത്തത്ര പൂർണത തന്റെ സ്വഭാവ ഗുണത്തിൽ കൈവരിച്ചു. അദ്ദേഹത്തിന്റെ സ്വഭാവം ഖുർആൻ ആയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവിടുന്ന് സംസ്കാരമുള്ളവനാവുകയും ജനങ്ങളെ സംസ്കാരം പഠിപ്പിക്കുകയും ചെയ്തു. നബി(സ)യുടെ സ്വഭാവ ഗുണത്തിൽ പെട്ടതാണ്:

- **മനുഷ്യരിൽ ഏറ്റവും സൗമ്യനും** നീതിമാനും ചാരിത്ര്യ ശുദ്ധിയുള്ളവനും ഔദാര്യവാനും മാന്യനുമായിരുന്നു അദ്ദേഹം.
- **മനുഷ്യരിൽ ഏറ്റവും ലജ്ജയുള്ളവനായിരുന്നു അദ്ദേഹം.**
- **വിനയാന്വിതനായിരുന്നു അദ്ദേഹം.** ആരിൽ നിന്നും ക്ഷണം സ്വീകരിക്കുകയും വളരെ നിസാരമാണെങ്കിൽ പോലും സമ്മാനങ്ങൾ സ്വീകരിക്കുകയും അതിന് പ്രതിസമ്മാനം നൽകുകയും ചെയ്യുമായിരുന്നു.
- **അദ്ദേഹം രോഗികളേയും മരണപ്പെട്ടവരെയും സന്ദർശിക്കുകയും** പാവപ്പെട്ടവരുടെ കൂടെ ഇരിക്കുകയും അഗതികളെ ഭക്ഷിപ്പിക്കുകയും നല്ല സ്വഭാവ ഗുണങ്ങളുള്ളവരെ ആദരിക്കുകയും ആദര സ്ഥാനീയരോട് ഇണക്കം കാണിക്കുകയും ചെയ്യുമായിരുന്നു.
- **അദ്ദേഹത്തിന്റെ അടുക്കൽ വരുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അദ്ദേഹം അവരുടെ കൂടെ നിൽക്കുമായിരുന്നു.** അദ്ദേഹം പരുഷ സ്വാഭാവിയോ കഠിന ഹൃദയനോ ആയിരുന്നില്ല. തിന്മകളെ തിന്മകൾ കൊണ്ട് പ്രതിരോധിക്കുന്നവനായിരുന്നില്ല, മറിച്ച് വിട്ട് വീഴ്ചകൾ ചെയ്യുന്നവനായിരുന്നു അദ്ദേഹം. എന്നാൽ അല്ലാഹു പവിത്രമാക്കിയതിനെ വല്ലവനും അനാദരിച്ചാൽ അല്ലാഹുവിന് വേണ്ടി അവിടുന്ന് കോപിക്കുമായിരുന്നു. സ്വന്തത്തിന് വേണ്ടി അദ്ദേഹം കോപിച്ചിരുന്നില്ല.
- **ആരെയെങ്കിലും കണ്ട് മുട്ടിയാൽ അവരെ ആദ്യം സലാം കൊണ്ട് അഭിസംബോധന ചെയ്യുക** എന്നതും തന്റെ അനുചരന്മാരെ കണ്ടുമുട്ടുമ്പോൾ അവർക്ക് ഹസ്തദാനം കൂടി ചെയ്യുക എന്നതും അദ്ദേഹത്തിന്റെ സ്വഭാവ ഗുണത്തിൽ പെട്ടതാണ്.



- **അദ്ദേഹം തന്റെ കൂടെ ഇരിക്കുന്നവർക്ക് മുഖം കൊടുക്കുകയും** അവരുടെ സംസാരം കേൾക്കുകയും അവരോട് സംസാരിക്കുകയും നല്ലനിലയിൽ പെരുമാറുകയും മാർഗനിർദേശം നൽകുകയും ചെയ്യുമായിരുന്നു.
- **മനുഷ്യരിൽ ഏറ്റവും കരുണയുള്ളവനും** ഏറ്റവും നല്ലവനും ഏറ്റവും പരോപകാരിയുമായിരുന്നു അദ്ദേഹം.
- **അദ്ദേഹം തമാശിക്കുമായിരുന്നെങ്കിലും സത്യമല്ലാതെ പറയുമായിരുന്നില്ല.** അദ്ദേഹം ധാരാളമായി പുഞ്ചിരിക്കുകയും അട്ടഹസിക്കാതെ ചിരിക്കുകയും തന്റെ ഭാര്യമാരുമായി മത്സരിക്കുകയും അവരോട് സൗമ്യമായി ഇടപെടുകയും ചെയ്യുമായിരുന്നു.
- **അദ്ദേഹം തനിക്ക് നൽകപ്പെട്ട ഭക്ഷണം കഴിക്കുമായിരുന്നു.** തനിക്ക് നൽകപ്പെട്ടത് തിരസ്കരിക്കുകയോ ഭക്ഷണത്തെ കുറ്റം പറയുകയോ ചെയ്യുമായിരുന്നില്ല. തനിക്ക് നൽകപ്പെട്ടത് കാരക്കായയാണെങ്കിലും ഇറച്ചിയാണെങ്കിലും ഗോതമ്പിന്റെയോ ബാർലിയുടെയോ റൊട്ടിയാണെങ്കിലും തേനും മധുരവുമാണെങ്കിലും റൊട്ടിയില്ലാതെ വെറും പാലാണെങ്കിലും പഴങ്ങളാണെങ്കിലും അദ്ദേഹം അത് കഴിക്കുമായിരുന്നു.
- **അദ്ദേഹം ഉള്ളത് ധരിക്കുമായിരുന്നു.** ചിലപ്പോൾ ഷാൾ, മറ്റു ചിലപ്പോൾ കമ്പിളി വസ്ത്രം എന്നിങ്ങനെ ലഭ്യമായതിൽ അനുവദനീയമായതെന്തും അവിടുന്ന് ധരിക്കുമായിരുന്നു.
- **സൗകര്യപ്രദമായ യാത്രാ സൗകര്യം അവിടുന്ന് ഉപയോഗിച്ചിരുന്നു.** ചിലപ്പോൾ കുതിര, മറ്റ് ചിലപ്പോൾ ഒട്ടകം, അതല്ലെങ്കിൽ കോവർ കഴുത, അതുമല്ലെങ്കിൽ കഴുത, ഒന്നുമില്ലെങ്കിൽ നടത്തം എന്നിങ്ങനെ ഏതാണോ എളുപ്പം അതാണ് അദ്ദേഹം തിരഞ്ഞെടുത്തിരുന്നത്.
- **ഏത് സമയവും അല്ലാഹുവിനുള്ള കർമങ്ങളോ** അതല്ലെങ്കിൽ സ്വന്തത്തോടോ കുടുംബത്തോടോ ഉള്ള ഉത്തരവാദിത്തങ്ങളോ നിർവഹിച്ചുകൊണ്ടേയിരിക്കുമായിരുന്നു അദ്ദേഹം.

ഇങ്ങനെ നിരവധി ശ്രേഷ്ഠ ഗുണങ്ങൾക്കും നല്ല സഹവാസത്തിനും ഉത്തമ ഉദാഹരണമായിരുന്നു പ്രവാചകൻ(സ).



# ഉപസംഹാരം



**ഇസ്ലാം മഹത്തായ മതമാണ്.** അതിന്റെ അധ്യാപനങ്ങൾ കൃത്യമായി പാലിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം അത് ആ വ്യക്തിക്ക് ഇഹലോകത്ത് ആശ്വാസവും സുഖകരമായ ജീവിതവും നല്ല സാഹചര്യവും ഉണ്ടാക്കുന്നതോടൊപ്പം തന്നെ പരലോകത്ത് അനുഗ്രഹീത വാസവും അനശ്വരമായ സന്തോഷവും നൽകുന്നു. അപ്രകാരം തന്നെ അതിന്റെ അധ്യാപനങ്ങൾ കൃത്യമായി പാലിക്കുന്ന ഇസ്ലാമിക സമൂഹത്തെ സംബന്ധിച്ചിടത്തോളം അത് ആ സമൂഹത്തിൽ പുരോഗതി, മുന്നേറ്റം, അഭിവൃദ്ധി, വികസനം, സാമൂഹിക ഐക്യം, സുരക്ഷിതത്വം, വിശ്വാസ്യത എന്നിവ സാധ്യമാക്കുന്നു.

**സഹോദരാ, ഇസ്‌ലാമെന്ന മഹാ അനുഗ്രഹം സ്വീകരിച്ച താങ്കൾക്ക് അഭിനന്ദനങ്ങൾ.** താങ്കൾ ഇസ്‌ലാമിലെ വിശ്വാസവും മത നിയമങ്ങളും അധ്യാപനങ്ങളും വിധിവിലക്കുകളും പെരുമാറ്റ രീതികളും മര്യാദകളുമൊക്കെ താങ്കൾ മനസ്സിലാക്കുകയും കഴിവിന്റെ പരമാവധി ജീവിതത്തിന്റെ എല്ലാ മേഖലകളിലും പാലിക്കുകയും ചെയ്യണം. അങ്ങനെ താങ്കൾ ചെയ്താൽ സ്വന്തം ജീവിതത്തിൽ സന്തോഷം കണ്ടെത്തുകയും ഇണകൾ, സന്താനങ്ങൾ, മാതാപിതാക്കൾ, ബന്ധുക്കൾ, അയൽവാസികൾ, കൂട്ടുകാർ, ഈ പുതു മുസ്‌ലിം സഹോദരനുമായി ഇടപെടുന്നവർ തുടങ്ങി തനിക്ക് ചുറ്റുമുള്ളവരെ സന്തോഷിപ്പിക്കുകയും ചെയ്യുന്ന നല്ല മനുഷ്യനാക്കി താങ്കളെ മാറ്റുന്ന താങ്കളുടെ ഇസ്‌ലാം സ്വീകരണത്തിന്റെ സ്വാധീനം താങ്കൾക്ക് അനുഭവിച്ചറിയാം.

മത വിജ്ഞാനം തേടിയുള്ള താങ്കളുടെ യാത്രയുടെ തുടക്കം മാത്രമാണ് ഈ ചെറു പുസ്തകം. താങ്കൾ ഇതിന് ശേഷവും ഉപകാരപ്രദമായ അറിവും സത്കർമങ്ങളും ആത്മ സംസ്കരണവും ഹൃദയ ശുദ്ധീകരണവും വർധിപ്പിക്കാനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്. ഓരോ തവണ അറിവും സത്കർമങ്ങളും വർധിപ്പിക്കുമ്പോഴും അത്യുന്നത രക്ഷിതാവായ അല്ലാഹുവോടുള്ള താങ്കളുടെ അടുപ്പവും വർധിക്കുന്നു. ഖുർആനിനെ താങ്കൾ പഠിച്ചും പാരായണം ചെയ്തും അതിലെ ദൃഷ്ടാന്തങ്ങളെ കുറിച്ച് ഉറ്റാലോചന നടത്തിയും നിങ്ങളുടെ കൂടെ നിർത്തുക. അതോടൊപ്പം പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ ജീവ ചരിത്രത്തിലെ പാഠങ്ങളും അദ്ദേഹത്തിന്റെ ചര്യയും നിങ്ങൾ സ്വീകരിക്കുക. ഈ ജീവിതത്തിൽ നിങ്ങൾക്ക് പിന്തുടരാവുന്ന മാതൃക അദ്ദേഹമാണ്. അദ്ദേഹം കൊണ്ടുവന്നതെല്ലാം സ്വീകരിക്കാൻ നിങ്ങളോട് അല്ലാഹു കല്പിച്ചിട്ടുമുണ്ട്. അദ്ദേഹമല്ലാത്തവർ എത്ര പദവിയുള്ളവരാണെങ്കിലും അവർ പറയുന്നത് ഖുർആനിനോടും നബി(സ) യുടെ ചര്യയോടും യോജിച്ചാൽ മാത്രമേ സ്വീകരിക്കേണ്ടതുള്ളൂ. അതല്ലാത്തവ തള്ളിക്കളയുകയും വേണം. മത കാര്യങ്ങളിൽ കലഹിക്കുന്നതിനെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങളുടെ മുസ്‌ലിം സഹോദരങ്ങളുമായുള്ള തർക്കങ്ങൾ, അഭിപ്രായ ഭിന്നതകൾ, തെറ്റിപ്പിരിയലുകൾ എന്നിവയിൽ നിന്നെല്ലാം നിങ്ങൾ അകന്ന് നിൽക്കുകയും ചെയ്യുക.

അല്ലാഹുവിനെ അവൻ നമ്മിൽ തൃപ്തനായി കണ്ടുമുട്ടുന്നത് വരെ നമുക്കേവർക്കും ഈ സത്യമതത്തിൽ ഉറച്ച് നിൽക്കാനുള്ള സൗഭാഗ്യം ലഭിക്കാനായി അല്ലാഹുവോട് പ്രാർത്ഥിക്കുന്നു. സ്തുതികളഖിലവും ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. നമ്മുടെ പ്രവാചകനായ മുഹമ്മദ് (സ)യിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും അന്ത്യനാൾ വരെ അദ്ദേഹത്തെ പിന്തുടരുന്നവരിലും അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും സദാ വർഷിക്കുമാറാകട്ടെ.

OsoulCenter
www.osoulcenter.com

CHAT & DECIDE

വിവിധ ഭാഷകളിൽ ഇസ്‌ലാമിനെ
കുറിച്ച് ചർച്ച ചെയ്യുക

GUIDE TO ISLAM

ഇസ്‌ലാമിനെ കുറിച്ച്
കൂടുതൽ അറിയാൻ

ഒരാൾ ഇസ്‌ലാം സ്വീകരിച്ച് അതിനെ മുറുകെ പിടിച്ചാൽ അപ്പോൾ അവൻ മനുഷ്യനെ സൃഷ്ടിച്ച് അവന് ഈ ജീവിതം നൽകിയ അല്ലാഹുവിലേക്ക് അവനെ എത്തിക്കുന്ന വ്യക്തവും നേരായതുമായ സന്മാർഗത്തിന്റെയും പ്രകാശത്തിന്റെയും മാർഗത്തിൽ പ്രവേശിച്ചു.

ഒരു മനുഷ്യന് ഇഹലോകത്ത് നല്ല ജീവിത സാഹചര്യവും സമാധാനവും സന്തോഷവും ഒരുക്കുകയും അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കാനും അതിലെ അനശ്വരമായ സുഖാസ്വാദനങ്ങൾ അനുഭവിപ്പിക്കാനും കാരണമാകുന്നതെന്ന നിലക്ക് നാളെ അവന്റെ മരണ ശേഷം പരലോകത്തും അവന് സന്തോഷവും വിജയവും നൽകുന്ന കാര്യമായിയിട്ടാണ് ഇസ്‌ലാം മതം അവതരിച്ചിട്ടുള്ളത്.

ഇഹപര നന്മകൾ നേടണമെങ്കിൽ സത്യമതമായ ഇസ്‌ലാമിനെ കുറിച്ച് അന്വേഷിക്കലും അതിനെ മനസ്സിലാക്കലും വിശ്വാസത്തോടുകൂടി അതിലേക്ക് പ്രവേശിക്കലും അതിലെ പാഠങ്ങളും വിധിവിലക്കുകളും മുറുകെ പിടിക്കലും ഒരു മനുഷ്യന് അനിവാര്യമാണ്.

osoulcenter

9001

www.osoulcontent.org.sa

ഉസൂൽ സ്റ്റോറിൽ നിന്നും ഈ പുസ്തകമോ
മറ്റ് പുസ്തകങ്ങളോ ഡൗൺലോഡ് ചെയ്യാൻ:

OSOUL STORE

osoulstore.com